A1/153/2024-CLAD

**"ഭരണഭാഷ- മാതൃഭാഷ"**

**കേരള സർക്കാർ**

**സംഗ്രഹം**

സാംസ്കാരികകാര്യ വകുപ്പ് - ഭാരത് ഭവന് 2024-25 സാമ്പത്തിക വർഷത്തെ പദ്ധതി പ്രവർത്തനങ്ങൾക്ക് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**സാംസ്കാരിക കാര്യ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.290/2024/CLAD തീയതി,തിരുവനന്തപുരം, 06-06-2024

പരാമർശം:-
1. ഭാരത് ഭവൻ മെമ്പർ സെക്രട്ടറി 07.05.2024 തീയതിയിൽ ചേർന്ന വർക്കിംഗ് ഗ്രൂപ്പ് മുമ്പാകെ സമർപ്പിച്ച പ്രൊപ്പോസൽ.
2. 07.05.2024-ന് കൂടിയ വർക്കിംഗ് ഗ്രൂപ്പ് യോഗത്തിന്റെ നടപടിക്കുറിപ്പ്.

**ഉത്തരവ്**

ഭാരത് ഭവന്റെ പദ്ധതി പ്രവർത്തനങ്ങൾക്കായി 2024-2025 സാമ്പത്തികവർഷം "2205-00-102-82-36 (പ്ലാൻ)" എന്ന ശീർഷകത്തിൽ 1,00,00,000/- രൂപ (ഒരു കോടി രൂപ മാത്രം) വകയിരുത്തിയിട്ടുണ്ട്. പ്രസ്തുത തുക സ്ഥാപനത്തിന്റെ വിവിധ പദ്ധതി പ്രവർത്തനങ്ങൾക്കായി 07.05.2024 തീയതിയിൽ ചേർന്ന വർക്കിംഗ് ഗ്രൂപ്പ് മുമ്പാകെ സമർപ്പിച്ചിരുന്നു.

2. വർക്കിംഗ് ഗ്രൂപ്പ് യോഗം പ്രൊപ്പോസൽ പരിഗണിക്കുകയും ഭാരത് ഭവന്റെ 2024-2025 സാമ്പത്തിക വർഷത്തെ വിവിധ പദ്ധതിപ്രവർത്തനങ്ങൾ പദ്ധതിച്ചെലവ് 1,00,00,000/- രൂപയായി (ഒരു കോടി രൂപ മാത്രം) നിജപ്പെടുത്തിക്കൊണ്ട് നിർവഹിക്കുന്നതിന് അംഗീകാരം നൽകുകയുമുണ്ടായി.

3. ഈ സാഹചര്യത്തിൽ, വർക്കിംഗ് ഗ്രൂപ്പിന്റെ അംഗീകാരം ലഭിച്ച ഭാരത് ഭവന്റെ 2024-25 സാമ്പത്തികവർഷത്തെ ചുവടെച്ചേർത്തിട്ടുള്ള പട്ടിക പ്രകാരമുള്ള വിവിധ പദ്ധതിപ്രവർത്തനങ്ങൾ, പദ്ധതിച്ചെലവ് "2205-00-102-82-36 (പ്ലാൻ)"എന്ന ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള 1,00,00,000/-രൂപയിൽ (ഒരു കോടി രൂപ മാത്രം) നിജപ്പെടുത്തിക്കൊണ്ട് നിർവഹിക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവാകുന്നു:

| ക്രമ നം. | പദ്ധതിയുടെ പേര് | തുക (ലക്ഷത്തിൽ) | റിമാർക്ക്സ് |
|---|---|---|---|
| 1. | പദ്മഭൂഷൺ ഡോ. കപില വാത്സ്യായൻ ദേശീയ നൃത്തോത്സവം രണ്ടാം ഘട്ടം | 12 | |
| 2. | വില്യം ഷേക്സ്പിയർ ഓൺലൈൻ ഡ്രാമ ഫെസ്റ്റ് | 6 | ഇംഗ്ലീഷ് ബിരുദ ബിരുദാനന്തര കോഴ്സുകൾ നടത്തുന്ന കലാലയങ്ങളുടെ പങ്കാളിത്തം ഉറപ്പുവരുത്തണമെന്ന വ്യവസ്ഥയോടെ അംഗീകരിച്ചു. |

| | | | |
|---|---|---|---|
| 3. | ലോക് രംഗ് സമഭാവന മഹോത്സവം | 7 | |
| 4. | ഹൈ ക്യൂ തിയേറ്റർ | 4 | |
| 5. | ഭാരത് ഭവൻ വിവർത്തന രത്ന-സമഗ്ര സംഭാവന പുരസ്കാരവും അന്താരാഷ്ട്ര വിവർത്തക ശിൽപ്പശാലയും | 3 | |
| 6. | ഐലന്റ് ആൻഡ് കോളനി ഫെസ്റ്റ് - 2024 | 8 | |
| 7. | സംഗമോത്സവ് 2024 | 3 | |
| 8. | കേരളത്തനിമ | 14 | |
| 9. | തീയേട്രം ഫാർമ, ഹോർട്ടികോർപ്പ് തെറാപ്പി - തിയേറ്റർ തെറാപ്പി | 9.7 | ആരോഗ്യവകുപ്പ്, സാമൂഹ്യനീതിവകുപ്പ് എന്നിവയുമായി ഏകോപിച്ച് പദ്ധതി നടപ്പാക്കണമെന്ന വ്യവസ്ഥയോടെ അംഗീകരിച്ചു. |
| 10. | മലയാളപ്പുഴ | 14 | |
| 11. | ടാഗോർ ഫെസ്റ്റ് | 8 | |
| 12. | സതീഷ്ബാബു പയ്യന്നൂർ പുരസ്കാരം | 1 | |
| 13. | ഓഫിസ് നവീകരണം- ഓഫിസിൽ ഉപയോഗിക്കുന്ന കമ്പ്യൂട്ടറുകൾ, പ്രിന്ററുകൾ എന്നിവയുടെ മെയിന്റനസ്, ഇതര ഓഫിസ് നവീകരണ പ്രവർത്തനങ്ങൾ | 8.5 | |
| 14. | ഭാരത് ഭവൻ നവ മാധ്യമ സർഗ്ഗവേദി/ഫേസ് ബുക്ക് ലൈഫ് എന്നിവയുടെ ടെക്നിക്കൽ അസിസ്റ്റന്റിന് (പ്രോജക്ടിന്റെ ഭാഗം) പ്രതിമാസം 20,000/- രൂപ നിരക്കിൽ 12 മാസത്തെ വേതനം | 1.8 | വേതനം നൽകുന്നത് നിലവിലുള്ള ഉത്തരവുകൾക്ക് വിധേയമായി ധനകാര്യവകുപ്പിന്റെ അംഗീകാരത്തോടെയാവണമെന്ന വ്യവസ്ഥയോടെ അംഗീകരിച്ചു. |
| | **ആകെ** | **100** | |

4. ഈ പ്രവൃത്തികൾ താഴെപ്പറയുന്ന വ്യവസ്ഥകൾ കൂടി കർശനമായി പാലിച്ചാവണം നിർവ്വഹിക്കേണ്ടത്:

1) ഓരോ പ്രവൃത്തിക്കും ബാധകമായ നിലവിലുള്ള നടപടിക്രമങ്ങളും ചട്ടങ്ങളും വ്യവസ്ഥകളും ഉത്തരവുകളും പാലിച്ചാവണം പദ്ധതി നിർവ്വഹണം.

2) പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട സമാഹരണങ്ങൾ (IT അനുബന്ധ സാമഗ്രികൾ ഉൾപ്പെടെ) സ്റ്റോഴ്സ് പർച്ചേസ് റൂൾസിനും ഐ ടി പ്രൊക്യുർമെന്റ് മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസൃതമായിരിക്കേണ്ടതും വ്യവസ്ഥകൾ പാലിക്കേണ്ടതുമാണ്.

3) പദ്ധതി ഘടകങ്ങൾക്കുള്ള തുക ബന്ധപ്പെട്ട നിർവ്വഹണ ഏജൻസിയ്ക്ക് റിലീസ് ചെയ്ത് നൽകുന്നതിനുള്ള ചുമതല സാംസ്കാരികവകുപ്പ് ഡയറക്ടറിൽ നിക്ഷിപ്തമായിരിക്കും. ആവശ്യകതയ്ക്കനുസരിച്ച് മാത്രമേ തുക പിൻവലിക്കാൻ പാടുള്ളൂ.

4) സാംസ്കാരികവകുപ്പ് ഡയറക്ടറും ബന്ധപ്പെട്ട പദ്ധതി നിർവ്വഹണ ഏജൻസിയും പ്രവൃത്തികളുടെ മേൽനോട്ടം വഹിക്കേണ്ടതും തുകയുടെ ശരിയായ വിനിയോഗം ഉറപ്പുവരുത്തേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

കെ ബിജു ഐ എ എസ്

സെക്രട്ടറി

മെമ്പർ സെക്രട്ടറി, ഭാരത് ഭവൻ, തിരുവനന്തപുരം

മെമ്പർ സെക്രട്ടറി, സംസ്ഥാന പ്ലാനിംഗ് ബോർഡ്, തിരുവനന്തപുരം

ഡയറക്ടർ, സാംസ്കാരികവകുപ്പ്, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരളം, തിരുവനന്തപുരം

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം.

സബ് ട്രഷറി ഓഫീസർ, പ്രിൻസിപ്പൽ സബ് ട്രഷറി, ഫോർട്ട്, തിരുവനന്തപുരം

ഇൻഫർമേഷൻ ആഫീസർ, വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്

ധനകാര്യ (വിദ്യാഭ്യാസ സി /പ്ലാനിംഗ് ബി) വകുപ്പ്

സാംസ്കാരിക കാര്യ (ബി) വകുപ്പ്

കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Sheeba K P
Date: 10-06-2024 13:53:36

സെക്ഷൻ ഓഫീസർ